ഉത്തരം

(എ) കൂത്താട്ടുകുളം മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇൻഡ്യയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 4,19,27,460.30 (നാല് കോടി പത്തൊമ്പത് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി നാനൂറ്റി അറുപത് രൂപ മുപ്പത് പൈസ) രൂപയ്ക്കുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കി. അതുമുഴുവനായി ഇവിടെതന്നെ വിറ്റഴിച്ചു. വിദേശത്തേക്ക് കയറ്റുമതി ചെയ്തിട്ടില്ല.

(ബി) 2001-2002 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ നഷ്ടം 59 ലക്ഷം രൂപയും (അൻപത്തിയൊൻപത് ലക്ഷം) രൂപയും 2002-2003-ൽ 54 ലക്ഷം (അൻപത്തി നാല് ലക്ഷം) രൂപയും 2003-2004 വർഷത്തിൽ 31 ലക്ഷം (മുപ്പത്തി യൊന്ന് ലക്ഷം) രൂപയുമാണ്.

(സി) ഇറാക്കിലേക്ക് ഇറച്ചി കയറ്റുമതി ചെയ്യുന്നതിന് യാതൊരു കരാറും കമ്പനി ഏറ്റെടുത്തിട്ടില്ല.

(ഡി) മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇൻഡ്യ ഇപ്പോൾ പന്നി, ബീഫ്, ചിക്കൻ, ആട്, മുയൽ, കാട എന്നിവകൊണ്ടുള്ള ഉൽപ്പന്നങ്ങളാണ് വിപണിയിൽ വിറ്റു വരുന്നത്. ഓരോന്നിന്റേയും ഉൽപ്പാദന തോത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(2003-2004)

പന്നി	..	35.47	ശതമാനം
ബീഫ്	..	43.46	,,
ചിക്കൻ	..	18.57	,,
മറ്റുള്ളവ (ആട്, മുയൽ, കാട)	..	2.50	,,

തിരൂർ വെറ്ററിനറി പോളിക്ലിനിക്കൽ ഡോക്ടറെ നിയമിക്കാൻ നടപടി

122 [2091] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ വെറ്ററിനറി പോളിക്ലിനിക്കിൽ ഡോക്ടറില്ലാത്തതിനാൽ മൃഗസംരക്ഷണ പ്രോജക്ടുകളൊന്നും നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഒരുവർഷമായി ഒഴിഞ്ഞുകിടക്കുന്ന ഈ തസ്തികയിൽ ഡോക്ടറെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇവിടെ ഇപ്പോൾ അഡീഷണൽ ചാർജുള്ള ഡോക്ടർക്ക് രണ്ടിടത്തും കൂടി ഫലപ്രദമായ ജോലി നിർവ്വഹിക്കാൻ കഴിയാത്തതിനാൽ തിരൂർ വെറ്ററിനറി പോളിക്ലിനിക്കിൽ അടിയന്തിരമായി ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡോക്ടറെ എന്നത്തേക്ക് നിയമിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ), (ബി), (സി) ആന്റ് (ഡി) ഡോക്ടറെ നിയമിക്കാനും, പോളിക്ലിനിക്കിനെ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കാനും നടപടി എടുത്തുവരുന്നു.

പെരുമണ്ണ പഞ്ചായത്തിൽ മൃഗാശുപത്രി

123 [2092] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ പെരുമണ്ണ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ മൃഗാശുപത്രി അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആന്റ് (സി) ഇപ്പോൾ പരിഗണനയിലില്ല. എന്നിരുന്നാലും 2004-2005 സാമ്പത്തിക വർഷത്തേക്ക് 3928.75 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽനിന്ന് 1509.5 ലക്ഷം രൂപ 2403-00-101-97 മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും, മൃഗചികിൽസാ സേവനങ്ങൾ ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഈ ശീർഷകത്തിൽ നിന്ന് മൃഗാശുപത്രികൾ പുതുതായി പണികഴിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് 2.5 ലക്ഷം രൂപാ വീതം സഹായ ധനം 50:50 എന്ന അനുപാതത്തിൽ 32 പഞ്ചായത്തുകൾക്ക് ഈ സാമ്പത്തിക വർഷം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങളും ഉൽപ്പാദന യൂണിറ്റുകളും

124 [2093] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കയർ സഹകരണ സംഘങ്ങളും കയർ ഉൽപ്പാദന യൂണിറ്റുകളും പ്രവർത്തിക്കുന്നു എന്ന് ജില്ലതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം കയർമേഖലയിലെ തൊഴിലാളികൾക്ക് പ്രതിവർഷം എത്ര തൊഴിൽദിനങ്ങൾ ലഭിച്ചു;

(സി) കയർ ഉൽപ്പാദന യൂണിറ്റുകൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ എത്ര രൂപ പ്രതിവർഷം ധനസഹായം നൽകി;

LIBRARY ARCHIVES Kerala Legislative Assembly